## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1177** 30.01.2018- ൽ മറുപടിക്ക്

## എയർപോർട്ട് ഫീഡർ റോഡ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ഇ.കെ.വിജയൻ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കോഴിക്കോട് എയർപോർട്ട് റോഡിന്റെ ഫീഡർ റോഡ് നാദാപുരം മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്ന് വിശദമാക്കാമോ? | (എ) യും (ബി) യും (സി) യും | കോഴിക്കോട് എയർപോർട്ട് റോഡിന്റെ ഫീഡർ റോഡുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഒന്നും നിലവിലില്ല. എന്നാൽ കണ്ണൂർ എയർപോർട്ട് റോഡിന്റെ ഫീഡർ റോഡായി പുതിയങ്ങാടി - ഉള്ള്യേരി - കുറ്റ്യാടി - ചൊവ്വ (എസ്.എച്ച്-38) റോഡിലെ കുറ്റ്യാടി മുതൽ നാദാപുരം വരെയുള്ള ഭാഗമാണ് പുനരുദ്ധാരണം നടത്തുന്നത്. ഈ റോഡ് നാദാപുരം മണ്ഡലത്തിലെ ചേലക്കാട് - കല്ലാച്ചി - നാദാപുരം - ഇരുണേരി - ഇരിങ്ങണ്ണൂർ - പെരിങ്ങത്തൂർ എന്നീ പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നത്. പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കിയ ശേഷം മാത്രമേ അലൈൻമെന്റിന് അംഗീകാരം നൽകുകയുള്ളൂ. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ അംഗീകാരങ്ങൾ ലഭിച്ചതിനു ശേഷം മാത്രമേ പൂർത്തീകരണ കാലാവധി തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) പ്രസ്തുത റോഡിന്റെ അലൈൻമെന്റുമായി ബന്ധപ്പെട്ട വിഷയത്തിൽ ധാരണയിലെത്തിയോ; | | |
| (സി) ഇത് എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ